# കേരളസർവകലാശാല

നം. പി.ആർ. 185/2023 തിരുവനന്തപുരം, തീയതി: 12/09/2023

## പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ ലിംഗ്വിസ്റ്റിക്സ് പഠനഗവേഷണ വകുപ്പിൽ എം.എ. ലിംഗ്വിസ്റ്റിക്സ് പ്രോഗ്രാമിൽ 2023-2025 ബാച്ച് അഡ്മിഷന് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2023 സെപ്റ്റംബർ 14 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റു കളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## പരീക്ഷ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി ഓൺലൈൻ (റെഗുലർ/സപ്ലിമെന്ററി – 2019 സ്കീം, സപ്ലിമെന്ററി – 2015 സ്കീം) പരീക്ഷ 2023 സെപ്റ്റംബർ 15, 16 തീയതികളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2022 ഡിസംബറിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക്. (2008, 2013 സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിന് 2023 സെപ്റ്റംബർ 23 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ്, കൗൺസിലിംഗ് സൈക്കോളജി പരീക്ഷകളുടെയും 2022 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ് (മേഴ്സി ചാൻസ്) പരീക്ഷകളുടെയും ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 സെപ്റ്റംബർ 20 നകം റെഗുലർ വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി/മേഴ്സിചാൻസ് വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും സമർപ്പിക്കേണ്ടതാണ്. റെഗുലർ വിദ്യാർത്ഥികളുടെ അപേക്ഷാ ഫീസ് slcm ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു.

## സീറ്റൊഴിവ്

കേരളസർവകലാശാലയുടെ ബയോടെക്നോളജി പഠനഗവേഷണ വകുപ്പിൽ എം.എസ്സി. ബയോടെക്നോളജി 2023-2025 ബാച്ച് അഡ്മിഷന് എസ്.സി.

**വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2023 സെപ്റ്റംബർ 14 ന് രാവിലെ 11 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |